വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നടപടി

310 (1018) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വകപ്പിന് കീഴിലുള്ള ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും പ്രവർത്തനം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാക്കുന്നതിന് വകപ്പിന്റെ മാർക്കറ്റിങ്ങ് വിഭാഗം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) തീർത്ഥാടന ടൂറിസം, ആരോഗ്യ ടൂറിസം എന്നിവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു. പ്രധാന നഗരങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി വ്യാപാര മേളകൾ, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരഭകരെയും പങ്കെടുപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോസിറ്റികളിൽ എയർപോർട്ട് ഡിസ്പ്ലേ, മുംബൈ മെട്രോയിൽ മെട്രോ ടെയിൻ ബ്രാന്റിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള കാമ്പയിൻ എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

വിദേശ മദ്യത്തിന്റെ നിരോധനവും വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ടും

311 (1019) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യ ലഭ്യത കുറച്ചതിനാൽ വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശ മദ്യത്തിന്റെ നിരോധനം വിനോദസഞ്ചാര മേഖലയിൽ തിരിച്ചടിയാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിദേശ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതിനുശേഷമുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമായതിനുശേഷം മാത്രമേ ഇത് വിനോദസഞ്ചാര മേഖലയെ എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാകുകയുള്ളൂ.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സംരക്ഷണ നടപടികൾ

312 (1020) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം ഉൾപ്പെടെയുള്ള നയങ്ങളും നിയന്ത്രണങ്ങളും സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly